# പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ

## മത്തായി 26:41

" പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ."

യേശു തന്റെ പീഡാസഹനങ്ങൾക്കു മുമ്പായി ഗെത്ത്ശേമന തോട്ടത്തിൽവെച്ച് ശിഷ്യന്മാർക്ക് നൽകിയ ഉപദേശമാണ് നാം ഈ വാക്യത്തിൽ കണ്ടത്. മടുത്തുപോകാതെ ഒരുക്കത്തോടു കൂടിയ പ്രാർത്ഥനാശീലം ഒരു വിശ്വാസിയുടെ ജീവിതത്തിലെ അവിഭാജ്യ ഘടകമാണ്. സ്വന്തകാര്യങ്ങൾക്കായി മാത്രമല്ല, മറ്റുള്ളവർക്ക് വേണ്ടിയും കൂടെ നാം പ്രാർത്ഥിക്കുമ്പോഴാണ് നാം ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാരാകുന്നത്. നമ്മുടെ ആവശ്യങ്ങളെ നാം ചോദിക്കുന്നതിനു മുമ്പേ അറിയുന്ന ദൈവത്തോടാണ് നാം പ്രാർത്ഥിക്കുന്നത്.

മത്തായി 6:8 "നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നാം യാചിക്കുംമുമ്പേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ"

യേശു തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭതലത്തിൽ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നുണ്ട്. ക്രിസ്തീയ ജീവിതത്തിൽ പ്രാർത്ഥനയുടെ മൂല്യങ്ങളെ ഉപദേശങ്ങളാലും ഉപമകളാലും യേശു അവരെ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ ജീവിത ആവശ്യങ്ങൾക്കായിട്ടു മാത്രമല്ല മറ്റുള്ളവർക്കുവേണ്ടിയും ഉത്സാഹത്തോടെ പ്രാർത്ഥിപ്പാൻ വേദപുസ്തകം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ദാനിയേലിന്റെ പ്രാർത്ഥനാജീവിതം നമുക്കേവർക്കും ഒരു ഉത്തമ മാതൃകയാണ്. തന്റെ യൗവ്വനകാലത്തിൽ ബാബേലിലേയ്ക്ക് പ്രവാസിയായി പോകേണ്ടിവന്നതാണ് ദാനിയേൽ. എങ്കിലും തന്റെ ജീവനുള്ള ദൈവത്തേയും, സ്വന്തദേശത്തേയും ജനങ്ങളേയും ദാനിയേൽ മറന്നില്ല. ബാബേൽ രാജ്യത്തിൽ ഉന്നതമായ പദവിയിലായിരുന്ന ദാനിയേൽ, തന്റെ മാളിക മുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നു, ദിവസവും മൂന്നുപ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്തിരുന്നു എന്ന് നാം കാണുന്നുണ്ട്. യിസ്രായേൽ ജനത്തിന്റെ ഭാവിക്കായി തന്നെത്താൻ താഴ്ത്തിയും ഉപവാസത്തോടും രട്ടുടുത്തും ദൈവസന്നിധിയിൽ അപേക്ഷിക്കുകയും ആലോചനകളെ സ്വീകരിക്കയും ചെയ്യുന്ന ദാനിയേലിനെ വേദപുസ്തകം നമുക്ക് കാണിച്ചുതരുന്നു.

പ്രതിസന്ധികളിൽ മാത്രം ദൈവത്തെ ആശ്രയിക്കുവാനല്ല നാം ശീലിക്കേണ്ടത്. പകരം, എപ്പോഴും ദൈവസന്നിധിയിൽ നമ്മുടെയും, മറ്റുള്ളവരുടെയും ആവശ്യങ്ങളെ

ഉണർത്തിക്കുകയും ദൈവാലോചനകളെ തക്കസമയത്ത് ഏറ്റെടുക്കുകയുമാണ് വേണ്ടത്. അപ്പസ്തോലനായ പൗലാസ്, തന്റെ ലേഖനങ്ങളിൽ തനിക്കും കൂട്ടുസഹോദരന്മാർക്കായും പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുന്നത് നാം വായിക്കുന്നു. ഒരു മനസ്സോടുള്ള വിശ്വാസികളുടെ പ്രാർത്ഥന പാപിയെ രക്ഷിക്കുന്നു. ദാനിയേലിനെപ്പോലെ, മോശയെപ്പോലെ നമുക്കും ദൈവസന്നിധിയിൽ നമ്മുടെ കൂട്ടുസഹോദരന്മാർക്കായി അപേക്ഷിക്കാം. ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളായി മാറാം.

പരാമർശം:

മത്തായി 7:7

യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.

മത്തായി 7:11

സ്വർഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും.

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 004